പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : *360 31.01.2014-ൽ മറുപടിക്ക്

സ്റ്റുഡന്റ് ഡോക്ടർ പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.സി.പി.മുഹമ്മദ്:<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ:<br>ശ്രീ.വി.പി.സജീന്ദ്രൻ:<br>ശ്രീ.കെ.അച്ചുതൻ: | | കുമാരി. പി.കെ.ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) | ആദിവാസി സ്കൂളുകളിൽ ബോധവൽക്കരണം നടത്തുന്നതിന് സ്റ്റുഡന്റ് ഡോക്ടർ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (എ) | ഇല്ല. പട്ടികവർഗ്ഗ വികസന വകുപ്പിലെ ആശ്രമ / ഏകലവ്യാ മോഡൽ റസിഡൻഷ്യൽ സ്കൂൾ/ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ ആരോഗ്യ ബോധവൽക്കരണം നടത്തുന്നതിന് സ്റ്റുഡന്റ് ഹെൽത്ത് എഡ്യൂക്കേഷൻ പ്രൊമോട്ടർ എന്ന ഒരു പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇതിന്റെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും വിശദമാക്കുമോ; | (ബി) | പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (സി) | ഉണ്ട്. 16/3/2013-ലെ സ.ഉ (സാധാ) 353/13/പജപവവിവ നമ്പർ ഉത്തരവ് പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. 2/9/2013-ലെ സ.ഉ (സാധാ) നമ്പർ 1209/2013/പജപവവിവ പ്രകാരം നടപ്പു സാമ്പത്തിക വർഷം ടി പദ്ധതി നടപ്പിലാക്കുന്നതിനായി 23.65 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| (ഡി) | എന്ന് മുതലാണ് പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ഡി) | പദ്ധതി ഇതിനോടകം ആരംഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്. |
| (ഇ) | ഏതെല്ലാം ഏജൻസികളാണ് പദ്ധതിയുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ? | (ഇ) | പട്ടികവർഗ്ഗ വികസന വകുപ്പ്, ആലപ്പുഴ മെഡിക്കൽ കോളേജ്, ആരോഗ്യകുടുംബക്ഷേമ വകുപ്പ്, കുടുംബശ്രീ എന്നിവയുമായി സഹകരിച്ച് ടി പദ്ധതി നടപ്പിലാക്കുന്നു. |

Haripriya

**സെക്ഷൻ ഓഫീസർ**

അനുബന്ധം

# മോഡൽ റസിഡൻഷ്യൽ / ആശ്രമം സ്കൂളുകളിൽ സ്റ്റുഡന്റ് ഹെൽത്ത് എഡ്യൂക്കേഷൻ പ്രൊമോട്ടർ പ്രോഗ്രാം

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള 18 ആശ്രമ / ഏകലവ്യാ / മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ 2013-14 അദ്ധ്യയന വർഷം സ്റ്റുഡന്റ് ഹെൽത്ത് എഡ്യൂക്കേഷൻ പ്രൊമോട്ടർ പരിപാടി നടപ്പിലാക്കുന്നു. ഇതിന്റെ പ്രവർത്തന മാർഗ്ഗരേഖ താഴെ ചേർക്കുന്നു.

## 1. ഉദ്ദേശ്യലക്ഷ്യം

പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളിലെ തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്കായി ആരോഗ്യ പരിപാലനം, പ്രഥമശുശ്രൂഷ, വ്യക്തിശുചിത്വം, സാമൂഹിക ശുചിത്വം, കുടിവെള്ള പരിപാലനം, ജീവിതശൈലി രോഗങ്ങൾക്കെതിരെയുള്ള പ്രതിരോധം, പുകവലി, പാൻമസാല, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം കൊണ്ടുള്ള ദൂഷ്യഫലങ്ങൾ എന്നിവകളിൽ ആരോഗ്യവകുപ്പുമായി ചേർന്ന് പരിശീലനം നൽകിയിരുന്നു. പരിശീലനം ലഭിച്ച വിദ്യാർത്ഥികൾ മുഖേന സ്ഥാപനത്തിലേയും, പട്ടികവർഗ്ഗ കോളനികളിലേയും ആരോഗ്യ പരിപാലനം, ശുചിത്വം എന്നിവയിൽ ബോധവത്ക്കരണ പ്രവർത്തനങ്ങളും, രോഗപ്രതിരോധ മാർഗ്ഗങ്ങളും മേൽ വിവരിച്ച പ്രകാരം ആരോഗ്യ പ്രവർത്തനങ്ങളും നടത്തുന്നതിന് സഹായകരമായി പ്രവർത്തിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

## 2. പദ്ധതിയുടെ പ്രവർത്തനരീതി

1. തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്കായി ആലപ്പുഴ മെഡിക്കൽ കോളേജിന്റെയും പട്ടികവർഗ്ഗ വികസന വകുപ്പിൻെറയും സഹകരണത്തോടെ ആരോഗ്യ, പരിപാലന, പ്രഥമശുശ്രൂഷ തുടങ്ങിയ കാര്യങ്ങളിൽ പരിശീലനം നൽകുക.
2. എല്ലാ സ്കൂളുകളിലും ഇപ്രകാരം പരിശീലനം ലഭിച്ച വിദ്യാർത്ഥികളെ ഉൾക്കൊള്ളിച്ചും സ്കൂളിലെ ബയോളജി ടീച്ചർ കൺവീനറായി ഹെൽത്ത് ക്ലബ്ബുകൾ രൂപികരിക്കുക.
3. ഓണം,ക്രിസ്മസ് വെക്കേഷനുകളിൽ ഹെൽത്ത് ക്ലബ്ബുകളിലെ അംഗങ്ങൾക്കായി റീജിയണൽ വർക്ക്ഷോപ്പുകൾ നടത്തുക.
4. ഹെൽത്ത് ക്ലബ്ബുകൾ ബന്ധപ്പെട്ട പ്രൈമറി ഹെൽത്ത് സെന്ററുകൾ, കുടുംബശ്രീ, ആശാ വർക്കർമാർ എന്നിവരുമായി സഹകരിച്ച് പട്ടികവർഗ്ഗ കോളനികളിൽ ആരോഗ്യ - ശുചിത്വ പ്രവർത്തനങ്ങൾ നടത്തുക.
5. ഏറ്റവും നല്ല ഹെൽത്ത് ക്ലബുകൾക്ക് പ്രോത്സാഹന സമ്മാനങ്ങൾ നല്കുക.

6. ആരോഗ്യ പരിപാലനം, പ്രഥമ ശുശ്രൂഷ, പകർച്ചവ്യാധികളുടെ നിയന്ത്രണം, ജീവിത ശൈലി രോഗങ്ങളെക്കുറിച്ചുള്ള ബോധവത്ക്കരണം, റോഡ് സുരക്ഷാ കാര്യങ്ങൾ എന്നിവ ഉൾക്കൊള്ളിച്ചു തയ്യാറാക്കിയ കൈപ്പുസ്തകങ്ങൾ സ്കൂളിലും, കോളനികളിലും നല്കുക.
7. ഹെൽത്ത് ക്ലബ്ബുകളുടെ പ്രവർത്തനത്തിനായി ധനസഹായവും, ആവശ്യമായ ചെറിയ ഉപകരണങ്ങളും, ആരോഗ്യത്തെ സംബന്ധിക്കുന്ന പുസ്തകങ്ങളും ലഭ്യമാക്കുക.
8. ഹെൽത്ത് ക്ലബ്ബുകളുടെ പ്രവർത്തനം സംബന്ധിച്ച് മാസാമാസങ്ങളിലെ അവലോകനം നടത്തുക. ഏറ്റവും പ്രവർത്തനങ്ങൾ ക്രോഡീകരിച്ച് വാർഷികപ്പതിപ്പ് തയ്യാറാക്കുക എന്നിവയാണ്. ഈ പരിപാടിയുടെ സംസ്ഥാന പ്രോഗ്രാം കോ-ഓർഡിനേറ്റർ പട്ടികവർഗ്ഗ വികസന ഡയറക്ടറേറ്റിലെ ഡെപ്യൂട്ടി ഡയറക്ടർ (വിദ്യാഭ്യാസം) ആയിരിക്കുന്നതാണ്.

## 3. <u>ഹെൽത്ത് ക്ലബ്ബുകളുടെ രൂപീകരണം</u>

എല്ലാ 18 ആശ്രമ / ഏകലവ്യാ / മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും ഹെൽത്ത് ക്ലബ്ബുകൾ രൂപീകരിച്ചു കഴിഞ്ഞു. ഹെൽത്ത് ക്ലബ്ബിൻെറ ഘടന താഴെപ്പറയും പ്രകാരമാണ്.

<u>എക്സിക്യൂട്ടീവ് കമ്മറ്റി</u>

1. രക്ഷാധികാരി - ഐറ്റി.ഡി. പ്രോജക്ട് ഓഫീസർ / ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ
2. ഉപദേശകൻ-ബന്ധപ്പെട്ട പ്രൈമറി ഹെൽത്ത് സെന്ററിലേയോ സിഎച്ച്സിയിലേയോ മെഡിക്കൽ ഓഫീസർ.
3. ചെയർമാൻ-പ്രിൻസിപ്പാൾ / ഹെഡ്മാസ്റ്റർ.
4. വൈസ് ചെയർമാൻ-സ്കൂൾ സീനിയർ സൂപ്രണ്ട്.
5. കൺവീനർ-സ്കൂളിലെ ഹയർ സെക്കണ്ടറി വിഭാഗത്തിലേയോ, ഹൈസ്കൂൾ വിഭാഗത്തിലേയോ താത്പര്യമുള്ള ബയോളജി അദ്ധ്യാപകൻ/സ്കൂൾ സ്റ്റുഡന്റ് കൗൺസിലർ .
6. <u>അംഗങ്ങൾ</u>

1. ഗ്രാമപഞ്ചായത്ത് വാർഡ് മെമ്പർ
2. പരിശീലനം ലഭിച്ച വിദ്യാർത്ഥികൾ എല്ലാവരും
3. പി.റ്റി.എ. പ്രതിനിധി
4. ഒരു സാമൂഹ്യപ്രവർത്തകൻ
5. സ്കൂൾ ലീഡർ
6. സ്കൂൾ സ്റ്റുഡന്റ് കൗൺസിലർ

**4. ഹെൽത്ത് ക്ലബ്ബുകളുടെ പ്രവർത്തനം താഴെവിവരിക്കും പ്രകാരം [illegible]**

1. എല്ലാ മാസത്തിലും ഹെൽത്ത് ക്ലബ്ബുകളുടെ എക്സിക്യൂട്ടീവ് കമ്മറ്റി യോഗം ചേരേണ്ടതാണ്.
2. ഒരു വർഷത്തേയ്ക്കുള്ള പ്രവർത്തന കലണ്ടർ തയ്യാറാക്കി ആയതിൻപ്രകാരം പ്രവർത്തനം ആസൂത്രണം ചെയ്ത് നടപ്പിലാക്കുക. ആയത് ഖണ്ഡിക 14-ൽ പരാമർശിക്കുന്ന വിഷയങ്ങൾ അടിസ്ഥാനമാക്കിയായിരിക്കേണ്ടതാണ്.
3. ആഴ്ചയിലൊരിക്കൽ ഹെൽത്ത് ക്ലബ്ബ് അംഗങ്ങൾ സ്ഥാപനത്തിലെ ശുചിത്വം ഉറപ്പാക്കുന്നതിനുള്ള പ്രവർത്തികൾക്കു ഡ്രൈഡേ ആചരിക്കുകയും ചെയ്യുക.
4. വ്യക്തിശുചിത്വം, ആരോഗ്യ പരിപാലനം തുടങ്ങിയ വിഷയങ്ങൾക്കായി മാസത്തിൽ രണ്ട് സെമിനാറുകൾ സംഘടിപ്പിക്കുക.
5. സ്കൂളിൽ ഈ പദ്ധതി പ്രകാരമുള്ള ഹെൽത്ത് ക്ലബ്ബുകൾ അല്ലാതെ മറ്റ് ഹെൽത്ത് ക്ലബ്ബുകൾ രൂപീകരിക്കേണ്ടതില്ല.
6. ഹെൽത്ത് ക്ലബ്ബുകളുടെ രൂപീകരണത്തിനായുള്ള ചെലവുകൾക്കായി 5,000 രൂപ ഓരോ ഹെൽത്ത് ക്ലബ്ബുകൾക്കും അനുവദിക്കുന്നതാണ്. ആവശ്യമായ ചെറു ഉപകരണങ്ങൾ , രജിസ്റ്ററുകൾ തുടങ്ങിയവ ലഭ്യമാക്കാവുന്നതാണ്.
7. ഹെൽത്ത് ക്ലബ്ബുകളുടെ പ്രവർത്തനത്തിനായി ലഭ്യമാക്കുന്ന ഉപകരണങ്ങൾ, മരുന്നുകൾ എന്നിവ കൺവീനർ പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ എഴുതി ടിയാളുടെ ഉത്തരവാദിത്വത്തിൽ സൂക്ഷിക്കേണ്ടതാണ്.
8. ആരോഗ്യവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ നല്ലരീതിയിൽ ഹെൽത്ത് ക്ലബ്ബുകൾ മുൻകൈയെടുത്തു നടത്തുക.
9. ഓരോ ക്ലാസ്സിൽ നിന്നും താല്പര്യമുള്ള 5 കുട്ടികൾ ടി ക്ലബ്ബിൽ നിർബന്ധമായും അംഗങ്ങളായിരിക്കേണ്ടതാണ്.
10. അംഗങ്ങൾ ഹെൽത്ത് ക്ലബ്ബ് പ്രവർത്തനങ്ങൾ ഏറ്റെടുക്കുമ്പോൾ അവർക്കായി നിശ്ചയിച്ചിട്ടുള്ള നിശ്ചിത ഓവർകോട്ട് ധരിക്കേണ്ടതാണ്.
11. രൂപീകരിക്കപ്പെട്ട ഹെൽത്ത് ക്ലബ്ബ് ഭാരവാഹികളുടെയും, അംഗങ്ങളുടെയും പൂർണ്ണമായ പേരും, വിലാസവും, ഫോൺനമ്പരും, ഇ-മെയിൽ വിലാസവും അടിയന്തിരമായി പ്രോഗ്രാം കോ-ഓർഡിനേറ്റർക്ക് അയച്ചുകൊടുക്കേണ്ടതാണ്.
12. രൂപീകരിക്കപ്പെട്ട ഹെൽത്ത് ക്ലബ്ബുകൾ, സമീപപ്രദേശത്തെ പ്രീമെട്രിക് ഹോസ്റ്റലുകളിലെ അന്തേവാസികൾക്ക് തങ്ങൾക്ക് പരിശീലനത്തിലൂടെ ലഭിച്ച അറിവുകൾ പകർന്നു നൽകുകയും, പ്രീമെട്രിക് ഹോസ്റ്റലുകളിൽ ഇത്തരം ഹെൽത്ത് ക്ലബ്ബുകൾ രൂപീകരിക്കുന്നതിന് നേതൃത്വം വഹിക്കേണ്ടതുമാണ്.
13. ഓരോ ഹെൽത്ത്ക്ലബ്ബുകളും ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർമാരുടെ സഹായത്തോടെ തുടർ പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കേണ്ടതും, സ്റ്റുഡന്റ് ഹെൽത്ത് പ്രൊമോട്ടർമാർ താഴ്ന്ന ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് ക്ലാസ്സ് എടുക്കുകയും ചെയ്യേണ്ടതാണ്.
14. ഓരോ ഹെൽത്ത് ക്ലബ്ബുകളും 2013 ജൂലൈ മുതൽ 2014 മാർച്ച് വരെയുള്ള 8 മാസക്കാലം ചുവടെ പറയുന്ന പ്രകാരമുള്ള മാസാചരണ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

## പ്രോഗ്രാം ഷെഡ്യൂൾ

| മാസം | വിഷയം |
|---|---|
| ആഗസ്റ്റ് | ശുചീകരണം |
| സെപ്റ്റംബർ | പോഷകാഹാരം |
| ഒക്ടോബർ | ആരോഗ്യകരമായ ജീവിതശൈലി |
| നവംബർ | റോഡ് സുരക്ഷ |
| ഡിസംബർ | മാനസികാരോഗ്യം |
| ജനുവരി | പുകയില വിരുദ്ധ പ്രവർത്തനങ്ങൾ |
| ഫെബ്രുവരി | മദ്യവിരുദ്ധ പ്രവർത്തനങ്ങൾ |
| മാർച്ച് | കരിയർ & എഡ്യൂക്കേഷൻ ഗൈഡൻസ് |

15. ഈ വിഷയങ്ങളുമായി ബന്ധപ്പെട്ട് വിദ്യാലയങ്ങൾ, പട്ടികവർഗ്ഗ ഊരുകൾ, കുടുംബശ്രീ, യൂണിറ്റുകൾ, വായനശാലകൾ തുടങ്ങിയവ കേന്ദ്രീകരിച്ച് ക്ലാസ്സുകൾ, പോസ്റ്റർ പ്രദർശനം, ക്യാമ്പുകൾ, ബോധവല്ക്കരണ പ്രവർത്തനങ്ങൾ തുടങ്ങിയവ സംഘടിപ്പിച്ചു വരുന്നു.
16. ഓരോ മാസവും നിർവ്വഹിക്കേണ്ട കാര്യങ്ങളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

## മാസം തോറും ചെയ്യേണ്ട കാര്യങ്ങൾ

| ക്രമ നം. | പ്രവർത്തി | എണ്ണം | വിശദാംശം |
|---|---|---|---|
| 1. | ക്ലബ്ബ് അംഗങ്ങൾക്കായി വിദഗ്ദ്ധരുടെ ക്ലാസ്സുകൾ | 2 | കുറഞ്ഞത് 2 ക്ലാസ്സുകളെങ്കിലും വിദഗ്ദ്ധരായ ഡോക്ടർമാർ / മറ്റ് സാമൂഹ്യ പ്രവർത്തകർ എന്നിവർ മുഖേന നടത്തേണ്ടതാണ്. |
| 2. | ഊരു സന്ദർശനം | 1 | ക്ലബ്ബ് അംഗങ്ങൾ ഓരോ മാസവും അനുവദനീയമായ 15,000രൂപയിൽ അധികരി ക്കാതെ മാസത്തിൽ ഒരു തവണ ബന്ധപ്പെട്ട ട്രൈബൽ ഡെവലപ്മെൻറ് ഓഫീസർ/ റ്റി.ഇ.ഒ എന്നിവരുടെ അറിവോടെ ഊരു സന്ദർശനം നടത്തി ബോധവല്ക്കരണം, മെഡിക്കൽ ക്യാമ്പുകൾ തുടങ്ങിയവ സംഘടിപ്പിക്കാവുന്നതാണ്. |
| 3. | കമ്മിറ്റി മീറ്റിംഗ് | 1 | മാസത്തിൽ ഒരു തവണയെങ്കിലും ഹെൽത്ത് ക്ലബ്ബുകളുടെ എക്സിക്യൂട്ടീവ് കമ്മറ്റി യോഗം ചേരേണ്ടതും യഥാവിധി മിനിറ്റ്സ് തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്. |

(ഒപ്പ്)
സെക്ഷൻ ഓഫീസർ